## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3952 — 21. 06. 2019 ൽ മറുപടിക്ക്

### അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

ചോദ്യം

ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷ ചട്ടം 2010 ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരാണ് ഇപ്പോൾ സർവ്വീസിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ; | (എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ കേന്ദ്ര വൈദ്യുതി അതോറിറ്റി സുരക്ഷ ചട്ടം 2010- ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത എന്നാൽ ഐ.റ്റി.ഐ. യോ തത്തുല്യ യോഗ്യതയോ ഉള്ള 227- അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരാണ് സർവ്വീസിൽ ഉള്ളത്. |
| (ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് ഏകദേശം ഇരുപത്തി അഞ്ച് ലക്ഷം രൂപ ചെലവഴിച്ച് ട്രെയിനിംഗ് നൽകി കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷ ചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകുവാൻ മാനവവിഭവശേഷി നിർവ്വഹണ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി സുരക്ഷാചട്ടം 2010-ൽ അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകുവാൻ ചീഫ് എഞ്ചിനീയർ (മാനവവിഭവശേഷി നിർവ്വഹണം)നെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഓ.പി 07/2016-ൽ 29/12/2016 -ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർ വരെയുള്ള തസ്തികയിൽ ഉള്ള | (സി) കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ 2010 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യേക അധികാരമുപയോഗിച്ച് കെ.എസ്.ഇ.ബി.എൽ. - ലെ നിലവിലുള്ള ജീവനക്കാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ ബാധകമാക്കേണ്ടതില്ലെന്നും പുതുതായി നിയമിക്കുന്നവർക്ക് മാത്രം കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ റെഗുലേഷൻ ബാധകമാക്കിയാൽ മതിയെന്നും ജി.ഒ.(അച്ചടി) നമ്പർ. 1/2019/ഊ.വ 13.02.2019 പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. (ബോർഡ് ഓർഡർ [FTD No 219/2019 (Estt.II/6781/2017) 07.03.2019]). (ടി ഗവൺമെന്റ് ഉത്തരവ് |

| | |
|---|---|
| ജീവനക്കാർക്കു മാത്രം പ്രസ്തുത ചട്ടം അനുശാസിക്കുന്ന ട്രെയിനിംഗ് നൽകി വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റ പണികൾക്കുമായി നിയോഗിക്കുവാൻ പാടുള്ളൂ എന്നു പറയുന്നുണ്ടെങ്കിലും പ്രസ്തുത ചട്ടം അനുശാസിക്കുന്ന യോഗ്യത മാനദണ്ഡമായ ഡിഗ്രിയോ, ഡിപ്ലോമയോ ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)-മാർക്ക് ഏകദേശം ഇരുപത്തിഅഞ്ചു ലക്ഷം രൂപ ചെലവഴിച്ച് ഇപ്രകാരം ട്രെയിനിംഗ് നൽകുന്നത് കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന് വിരുദ്ധം അല്ലേ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.)<br>കേന്ദ്ര വൈദ്യുത അതോറിറ്റി റെഗുലേഷൻ അനുശാസിക്കുന്ന ഡിഗ്രി / ഡിപ്ലോമ ഇല്ലാതെ സൂപ്പർവൈസറി തസ്തികകളിൽ ജോലി ചെയ്തു വരുന്ന കെ.എസ്.ഇ.ബി.എൽ. - ലെ ജീവനക്കാർക്ക് കേന്ദ്ര വൈദ്യുത അതോറിറ്റി അനുശാസിക്കുന്ന പരിശീലനം നൽകുവാനും അവർ ഡിഗ്രി / ഡിപ്ലോമ കരസ്ഥമാക്കുന്ന മുറയ്ക്ക് അവർക്ക് നിർദ്ദിഷ്ട സർട്ടിഫിക്കേഷൻ നൽകാനുമാണ് കെ.എസ്.ഇ.ബി.എൽ. ഉത്തരവായിട്ടുള്ളത്. |
| (ഡി) ഇപ്രകാരം ട്രെയിനിംഗ് നൽകികൊണ്ട് മാത്രം നൽകുന്ന ഡിഗ്രി / ഡിപ്ലോമ യോഗ്യത സർട്ടിഫിക്കറ്റ് സംസ്ഥാന സർവ്വകലാശാലകളോ സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ നൽകുന്ന ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റിന് തുല്യമാണോ; അതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) ഇപ്രകാരം ട്രെയിനിംഗ് നൽകികൊണ്ട് കെ.എസ്.ഇ.ബി.എൽ. യാതൊരു ഡിഗ്രി / ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ